# FINGER PRINT


## Digital Magazine

## Holy Family HS Inchiyani



swagatam

# പത്രാധിപസമിതി


Aaron Alby
Sooraj C Suresh
Nabhan Ashruf
Karthik M B
Bijitha Joby
Anit Mary Jose

## മുഖവുര

ശാത്രസാങ്കേതിക വിദ്യയുടെ മുന്നേറ്റ യുഗം.............

കാലം ശാസ്ത്രിയ നേട്ടങ്ങൾക്ക് സാക്ഷിയാകുന്ന നിമിഷം.............

കലയും ശാസ്ത്ര സാങ്കേതിക വിദ്യയും കൈകോർക്കുന്ന നിമിഷം.............

നേട്ടങ്ങളുടെ  ഉത്തുംഗശൃംഗം താണ്ടുന്ന മനുഷ്യകുലം............

കാലത്തിൽ കൊത്തിവയ്ക്കപ്പെടുന്ന കൈയൊപ്പ്

ഹോളി ഫാമിലി ഹൈ സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സമർപ്പിക്കുന്നു

**'FINGER PRINT'**







# HOLY FAMILY HS INCHIYANI



# ധീര വനിത



ഒരു ദിവസം വൈകുന്നേരം സ്കൂൾ വിട്ടുവന്ന തോമസ് ആൽവാ എഡിസൺ അമ്മയ്ക്കു നേരേ ഒരു പേപ്പർ നീട്ടിക്കൊണ്ട് പറഞ്ഞു. "അമ്മേ ദാ..ഈ കത്ത് അമ്മയ്ക്കു തരാൻ ക്ലാസ് ടീച്ചർ പറഞ്ഞു". ആകാംക്ഷയോടെ എഡിസന്റെ അമ്മ ആ കത്ത് വാങ്ങി.

കത്തിലൂടെ കണ്ണോടിച്ച എഡിസന്റെ അമ്മയുടെ മുഖം മങ്ങി. ഈ ഭാവമാറ്റം കണ്ട എഡിസൺ ചോദിച്ചു "എന്താ അമ്മേ ഈ കത്തിൽ?". ഉടനെ ചെറുതായി പുഞ്ചിരിച്ചുകൊണ്ട് അമ്മ ആ കത്ത് ഉറക്കെ വായിച്ചു. " നിങ്ങളുടെ മകൻ അസാമാന്യ കഴിവുകളുള്ള ഒരു കുട്ടിയാണ്. ഈ ചെറിയ സ്കൂളിലെ അധ്യാപകരോ സൗകര്യങ്ങളോ അവനെ നന്നായി പഠിപ്പിക്കാൻ മതിയാവില്ല. നിങ്ങൾ തന്നെ കൂടുതൽ സമയം അവനെ പഠിപ്പിക്കുന്നതാകും ഉചിതം".

നാളുകൾ കടന്നുപോയി, മാസങ്ങളും, വർഷങ്ങളും കഴിഞ്ഞു. എഡിസൺ ലോകമറിയുന്ന നൂറ്റാണ്ടിലെ തന്നെ മികച്ച ശാസ്ത്രജ്ഞനായി മാറി. ഒരു ദിവസം വീട്ടിലെ പഴയ സാധനങ്ങൾ അടുക്കി വൃത്തിയാക്കിക്കൊണ്ടിരിക്കേ എഡിസൺ മടക്കിയ ഒരു പഴയ പേപ്പർ കഷണം കിട്ടി. എഡിസൺ അതെടുത്ത് നോക്കി. അന്ന് തന്റെ ടീച്ചർ അമ്മയ്ക്കായി കൊടുത്തുവിട്ട കത്തായിരുന്നു അത്.

എഡിസൺ അത് വായിച്ച് നോക്കി. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

" നിങ്ങളുടെ മകൻ ബുദ്ധിയില്ലാത്ത ഒരു കുട്ടിയാണ്. ഇവനെ പഠിപ്പിച്ച് സമയം കളയാൻ ഞങ്ങൾക്കാവില്ല, ദയവായി ഇനി ഇവനെ ഈ സ്കൂളിലേയ്ക്ക് അയയ്ക്കരുത്.ഇത് വായിച്ചശേഷം എഡിസൺ മണിക്കൂറുകൾ ഒറ്റയ്ക്കിരുന്ന വാവിട്ട കരഞ്ഞു. അവസാനം അയാൾ തന്റെ പഠനമുറിയിലെ മേശയിൽ നിന്നും ഡയറിയെടുത്ത് ഇങ്ങനെ കുറിച്ചു:


"ബുദ്ധിയില്ലാത്ത എഡിസണെ ലോകത്തിന് മുന്നിൽ മഹാനാക്കിയ എന്റെ അമ്മയാണ് യഥാർത്ഥ ധീര വനിത" .

ഒക്ടോബർ 10; മറ്റൊരു ലോക മാനസികാരോഗ്യ ദിനം കൂടി നമ്മളിലേക്ക് കടന്ന വരുമ്പോൾ ഈ കഥ അതിന്റെ എല്ലാ അർത്ഥത്തിലും നമുക്ക് ഓർക്കാം. ദുർബല മനസ്സുള്ള ഇന്നത്തെ കുട്ടികൾ നാളെയുടെ അഭിമാനമായി മാറിയേക്കാം. തളരരുത്....നിങ്ങളാകാം നാളെയുടെ ധീരവനിതയോ...ധീരപുരുഷനോ..ധൈര്യത്തോടെ മുന്നേറൂ....

By: SMRUTHIN S NAIR

---

By: Savio Jose



# എന്റെ പുഴ

കേരളം  നദികളാൽ സമൃദ്ധമാണ്. പുഴകൾ ആർത്തിരമ്പി പോകുന്ന കാഴ്ച സാധാരണം. ആതിൽ നീന്തി തുടിക്കുന്ന മീനുകൾ ,  അവയെ വേട്ടയാടാൻ വന്ന പൊന്മാൻ ഇതെല്ലാം നമ്മുടെ കേരളത്തിനു മാത്രം പ്രത്യേകതയായിരുന്നു.

പുഴകൾ അത് വെറുമൊരു വാക്കല്ല ഒരുപാട് ജീവിതങ്ങളുടെ അടിസ്ഥാനമാണ്.

മനുഷ്യനും അതിൽ ഉൾപ്പെടും. പക്ഷേ, അത്  തിരച്ചറിയാതെ നാം അവയെ ഉപദ്രവിക്കുന്നു. അതി മനോഹരിയായ അവൾ ഇപ്പോൾ...

നിങ്ങൾക്ക് ചുറ്റം നോക്കിയാൽ തന്നെ കാണാം അവളുടെ സ്ഥിതി. സന്തോഷിച്ച്, ആനന്ദിച്ച് പൊയ്ക്കൊണ്ടിരുന്ന അവൾ ഇപ്പോൾ ഒഴുകുവാൻ മടിക്കാട്ടുന്നു. എന്നിട്ടും അവൾ മനസില്ല മനസോടെ ഒഴുകുന്നു. നാം അവൾക്കായി മാറ്റിവെച്ച മാലിന്യങ്ങളുമായി. എപ്പോഴെങ്കിലും അവൾ നിങ്ങളോട് ചോദിച്ചിട്ടുണ്ടോ? പ്രതികരിച്ചിട്ടുണ്ടോ?

അവൾക്ക് എന്നും മൗനം. എന്റെ പുഴയെ എല്ലാവരും നശിപ്പിക്കുന്നു . അതിനു സാക്ഷിയായി ഞാനും.അവൾക്ക് പ്രതികരിക്കാൻ അറിയില്ല പക്ഷേ എനിക്കതിനാവും അവൾക്കായി ഞാൻ ഉണ്ടാകും, എന്റെ പുഴയോടൊപ്പം

By: Abhijith Babu



By: Salman



# യുവത്വം

ഒരു ചെടിയെ സംബന്ധിച്ചിടത്തോളം അതിൻറെ പൂവോ കായോ തണ്ടോ അല്ല പ്രധാനം; അതിനേക്കാൾ വേരാണ്. വേരിന് ആഴമുണ്ടെങ്കിൽ വേരിന് ആരോഗ്യമുണ്ടെങ്കിൽ ആ ചെടി വളരും, ഫലം നല്കും. ജീവിതത്തിൻറെ വേരാണ് യുവത്വം. അതിന് ആരോഗ്യം വേണം, ആഴം വേണം. ജീവിതം മധുരമുള്ളതാക്കാൻ സമൂഹത്തിനും നാടിനും നന്മയാകാൻ യുവത്വത്തെ നല്ലപോലെ പരിപാലിക്കുക.

പലപ്പോഴും കലക്കി തിമിർത്ത് പൊളിച്ചടക്കാൻ മാത്രം, ആഡംബരത്തിലും ആഘോഷത്തിലും ഒതുങ്ങാൻ യുവജനങ്ങൾ താല്പര്യപ്പെടുന്നു. യുവത്വം എന്ന നിധിയെ പലപ്പോഴും പലരും തിരിച്ചറിയുന്നില്ല. ചരിത്രം പരിശോധിച്ചാൽ ഈ ലോകത്തെ മാറ്റി മറിച്ചവരിൽ അധികവും അവരുടെ യുവത്വത്തിലായിരുന്നു. യേശുക്രിസ്തു ഒരു യുവാവായിരുന്നു എന്ന കാര്യം മറക്കരുത്.

കഴിവുകളുടെ, സിദ്ധികളുടെ ഭണ്ഡാരമാണ് എല്ലാ യുവതീയുവാക്കളും. കഴിഞ്ഞ ദിവസം കേട്ട വാർത്ത ഇപ്രകാരമായിരുന്നു. കാക്കനാട് ഭാഗത്തെ വഴിയോര വിളക്കുകൾ കത്തുന്നില്ല. സ്ത്രീകളും കുട്ടികളുമടക്കം ഒരുപാടു പേർ യാത്ര ചെയ്യുന്ന സ്ഥലം. പക്ഷേ, ദിവസങ്ങളായിട്ടും യാതൊരു നടപടിയുമുണ്ടായില്ല. ഇതേ തുടർന്ന് കുറച്ച് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വിളക്കുകൾ

സ്ഥാപിച്ചു. ഒരു നാടിന് വെളിച്ചം പകരാൻ അവർക്ക് സാധിച്ചു. ഇതുപോലെ ചെറുതും വലുതുമായ അനേകം കാര്യങ്ങൾ ഓരോ യുവാവിനും യുവതിക്കും ചെയ്യാൻ സാധിക്കും. ഭൂമിയുടെ ഉപ്പും ലോകത്തിൻറെ പ്രകാശവുമാകാൻ യുവജനങ്ങൾക്കാവണം. യുവത്വം ശക്തിയാണ്, സമ്പത്താണ്, നിധിയാണ്.

“നീ നിൻറെ വേരുകളെ ശ്രദ്ധിക്കുക
പൂവുകളെ ശ്രദ്ധിക്കേണ്ട
വേരുകൾക്കാരോഗ്യമുണ്ടെങ്കിൽ
പൂക്കാതെയെങ്ങനെയിരിക്കും?
വേരുകൾ നശിച്ചാൽ
നീ ഇപ്പോൾ പൂക്കുന്നില്ലെങ്കിൽ കൂടി
എത്ര കാലം പൂക്കും.”

(കെ. ജയശീലൻറെ ‘വേരുകൾ’ എന്ന കവിതയിൽ നിന്നും.)

ജീവിതത്തിൻറെ വിജയത്തിനും ജീവിതത്തിന് അർത്ഥവും വേണമെങ്കിൽ നാം ശ്രദ്ധിക്കേണ്ടത് യുവത്വത്തെയാണ്. യുവത്വം പോലെയിരിക്കും നമ്മുടെ ഭാവിജീവിതം. കാഴ്ചപ്പാടുകളും നല്ല മനോഭാവവും വിവേചനവും എല്ലാ കഴിവുകളും രൂപപ്പെടുന്ന കാലമതാണ്. ജീവിതത്തിൻറെ വേരാണ് യുവത്വം. വായനാശീലവും ആത്മീയതയിലെ തീക്ഷ്ണതയും ക്രിസ്തുവിനോടുള്ള അടുപ്പവും യുവത്വമെന്ന വേരിന് ബലം നല്കുമെന്നതിന് സംശയമില്ല. ഇന്ന് ആധുനിക ലോകത്തിൽ ഈ വേരിനെ നശിപ്പിക്കുന്ന അനേകം കാര്യങ്ങളുണ്ട്. അവ തിരിച്ചറിഞ്ഞ് അവയെ ഒഴിവാക്കി

നന്മയിൽ വേരുകളെ ഉറപ്പിക്കാം.

പലപ്പോഴും യുവജനങ്ങൾക്ക് വളരാനുള്ള അവസരങ്ങൾ ലഭിക്കാറില്ല. ലഭിക്കുന്ന അവസരങ്ങൾ എല്ലാവരും ഉപയോഗിക്കാറില്ല. നാടിൻറെ ജീവനിണമാണ് യുവജനങ്ങൾ. അവരെ വളർത്തുക നാടിൻറെ കടമയാണ്.

യുവത്വം അവസരമാണ്; പ്രയോജനപ്പെടുത്തുക.

യുവത്വം സ്വപ്നമാണ്; സാക്ഷാത്കരിക്കുക.

യുവത്വം വെല്ലുവിളിയാണ്; ഏറ്റെടുക്കുക.

യുവത്വം കടമയാണ്; പൂർത്തീകരിക്കുക.

യുവത്വം മത്സരമാണ്; കളിക്കുക.

യുവത്വം വാഗ്ദാനമാണ്; പാലിക്കുക.

യുവത്വം കഷ്ടപ്പാടാണ്; അതിജീവിക്കുക.

യുവത്വം അമൂല്യമാണ്; നശിപ്പിക്കാതിരിക്കുക.

**“You only live once, but if you do it right once is enough.”**

വേരിനെ പരിപോഷിപ്പിക്കുക. നല്ല ഫലങ്ങൾ ഇന്നല്ലെങ്കിൽ നാളെ പുറപ്പെടുവിക്കും, നമുക്ക് കാത്തിരിക്കാം. വേരിലാണ് എല്ലാം, വേരാണ് എല്ലാം.

By: Abin Tomy

ശൈലി കഥ

## ഉർവശി ശാപം ഉപകാരം

**മോഷം ലക്ഷ്യത്തോടെ ചെയ്ത പ്രവൃത്തി ഗുണകരമായി മാറുമ്പോൾ പറയുന്ന ശൈലിയാണ് 'ഉർവശി ശാപം ഉപകാരം'**

**പന്ത്രണ്ടു വർഷത്തെ വനവാസത്തിനിടയിൽ യുധിഷ്ഠിരൻ അനുജനായ അർജ്ജുനനെ അരികിൽ വിളിച്ചു പറഞ്ഞു:**

**“അർജ്ജുനാ, കൗരവന്മാരുമായി നമുക്ക് ഏറ്റുമുട്ടേണ്ട കാലം വരും. അതിനാൽ ആവുന്നത്ര വേഗത്തിൽ ദിവ്യായുധങ്ങൾ നേടാൻ ശ്രമിക്കണം. വ്യാസൻ എനിക്ക് ഉപദേശിച്ചുതന്നിട്ടുള്ള പ്രതിസ്മൃതി എന്ന ദിവ്യമന്ത്രം ഞാൻ നിനക്ക് ഉപദേശിക്കാം. അതുമായി നീ വടക്കോട്ടു പോയി ഇന്ദ്രാദി ദേവന്മാരെ പ്രസാദിപ്പിച്ച് അവരിൽനിന്നു ദിവ്യാസ്ത്രങ്ങൾ നേടിയെടുക്കണം.”**

**ജ്യേഷ്ഠൻറെ ഉപദേശപ്രകാരം ദേവലോകത്തെത്തിയ അർജ്ജുനനെ ദേവന്മാരും മഹർഷിമാരും ഉൾപ്പെടെ ഒരു വലിയ സമൂഹം ഇന്ദ്രൻറെ നേതൃത്വത്തിൽ സ്വീകരിച്ചു. ദേവന്മാരിൽനിന്ന് എല്ലാ ദിവ്യായുധങ്ങളും നേടി.**

**ഒരു ദിവസം ദേവസദസ്സിൽ ഇന്ദ്രനും അർജ്ജുനനും മറ്റു ദേവഗണങ്ങളും അപ്സരസുകളുടെ നൃത്തം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അർജ്ജുനൻ ഇമവെട്ടാതെ ഉർവശിയെ നോക്കിയിരിക്കുന്നതു കണ്ടപ്പോൾ ഇന്ദ്രനു തോന്നി മകൻ അവളിൽ അനുരക്തനായിരിക്കുന്നു എന്ന്.**

ഉർവശിക്കും അർജ്ജുനനോട് ഇഷ്ടം തോന്നി. ചിത്രസേനന്റെ നിർദേശപ്രകാരം ആടയാഭരണങ്ങൾ അണിഞ്ഞ ഉർവശി അർജ്ജുനന്റെ മുറിയിലെത്തി. അദ്ദേഹം ബഹുമാനപുരസരം ഉർവശിയെ സ്വീകരിച്ചിരുത്തി വണങ്ങിനിന്നു, കൽപന കാത്തുനിൽക്കുന്ന ഒരു ദാസനെപ്പോലെ. ഉർവശിക്കു നിരാശ തോന്നി. അർജ്ജുനൻ അമ്പരുന്നു. താൻ നൃത്തസമയത്തു സൂക്ഷിച്ചുനോക്കിയത് ഭക്തിമൂലമാണെന്നും തന്റെ വംശത്തിന്റെ മാതാവെന്ന നിലയിലാണ് ഉർവശിയെ കരുതുന്നതെന്നും അർജ്ജുനൻ അറിയിച്ചു.

ഇതു കേട്ട ഉർവശി ഇപ്രകാരം ശപിച്ചു: "നിന്നെ ആഗ്രഹിച്ചുവന്ന എന്നെ ഒരു പുരുഷനൊത്തവണ്ണം സ്വീകരിക്കാത്ത നീ സ്ത്രീകൾക്കിടയിൽ ഒരു നപുംസകമായി പാട്ടും നൃത്തവും പഠിപ്പിച്ച് കഴിഞ്ഞുകൂടാനിടവരട്ടെ."

വിവരമറിഞ്ഞ ഇന്ദ്രന് ഒട്ടും സങ്കടം തോന്നിയില്ല. അദ്ദേഹം അർജ്ജുനൻറെ അടുത്തുവന്നു പറഞ്ഞു: "വിവരങ്ങളെല്ലാം ഞാനറിഞ്ഞു. സാരമില്ല. ഉർവശീശാപം ഉപകാരമായിത്തീരും."അങ്ങനെതന്നെ സംഭവിച്ചു. പന്ത്രണ്ടു കൊല്ലത്തെ വനവാസത്തിനുശേഷം വിരാടരാജധാനിയിൽ ഒരു കൊല്ലം അജ്ഞാതവാസം നടത്തിയപ്പോൾ ബൃഹന്നള എന്ന പേരിൽ ആളറിയാതെ പെണ്ണുങ്ങൾക്കു പാട്ടും നൃത്തവും പഠിപ്പിക്കുന്ന ഒരു നപുംസകമായി അർജ്ജുനനു കഴിയാൻ സാധിച്ചത് ഈ ശാപംമൂലമാണ്. അങ്ങനെ ഒരുവർഷത്തെ അജ്ഞാതവാസവും ശാപവും ഒരേസമയം തീർക്കുകയും ചെയ്തു. അങ്ങനെ ഉർവശീശാപം അർജ്ജുനന് ഉപകാരമായി.

By: Miya Maria Joseph

# കർഷകൻ

കൈക്കോട്ടുമായി കൃഷിഭൂമിയിൽ
അണിനിരക്കുന്നു  കർഷകർ
അറബിക്കടലിൽ  മുങ്ങുന്ന സൂര്യൻ
തല ഉയർത്തുനതിനേറെ മുബെ
അണിനിരക്കുന്നു കർഷകർ
ഓരോരോ ഗാനങ്ങൾ ആലപിച്ച്
വിത്തു വിതയ്ക്കുന്നു കർഷകർ
കേട്ടുകൾ നീക്കി വളംവിട്ട്
കൊയ്ത്ത് മെതിച്ച് വേർതിരിച്ച്
നെല്ലും പതിരും വേർതിരിച്ച്
വിൽപ്പന ചാക്കിൽ കയറ്റിവിട്ട്
സേവനം ചെയുന്നും കർഷകർ
എന്നും സേവനം ചെയ്യുന്നു കർഷകർ

By: Sooraj C Suresh

# ഗുരുവും ശിഷ്യനും

വിവിധ മേഖലകളിലെ വിഖ്യാതരായ ചില ഗുരുക്കന്മാരെയ

ും പരിചയപ്പെടാം, ഓർത്തുവയ്ക്കാം

ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരുനാഥനാണ് ഗോപാലകൃഷ്ണ ഗോഖലെ

ഗോഖലെയുടെ രാഷ്ട്രീയ ഗുരുനാഥനാണ് മഹാദേവ് ഗോവിന്ദ റാനഡെ

സ്വാമി വിവേകാനന്ദന്റെ ആത്മീയ ഗുരുനാഥനാണ് ശ്രീരാമകൃഷ്ണ പരമഹംസൻ

ശങ്കരാചാര്യരുടെ ആത്മീയ ഗുരുനാഥനാണ് ഗോവിന്ദാചാര്യൻ

കബീറിന്റെ ഗുരുനാഥനാണ് രാമാനന്ദൻ

രാമാനുജൻ രാമാനന്ദന്റെ ഗുരുനാഥനാണ്

By: Anit Mary Jose

ഫുട്ബോൾ ഇതിഹാസങ്ങൾ

## നേയ്മർ

നെയ്മർ ഡാ സിൽവ സാന്റോസ് ജൂനിയർ (ബ്രസീലിയൻ പോർച്ചുഗീസ്)ജനനം: ഫെബ്രുവരി 5, 1992), സാധാരണയായി നെയ്മർ ജൂനിയർ അല്ലെങ്കിൽ നെയ്മർ എന്നറിയപ്പെടുന്നു, ഒരു ബ്രസീലിയൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ്. ജെർമെയ്നും ബ്രസീൽ ദേശീയ ടീമും. ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരിൽ ഒരാളായി അദ്ദേഹം പരക്കെ കണക്കാക്കപ്പെടുന്നു.

17 വയസ്സുള്ളപ്പോൾ സാന്റോസിൽ തന്റെ പ്രൊഫഷണൽ അരങ്ങേറ്റം കുറിച്ച നെയ്മർ പ്രാധാന്യം നേടി. തുടർച്ചയായ രണ്ട് കാമ്പിയോനാറ്റോ പോളിസ്റ്റ ചാമ്പ്യൻഷിപ്പുകൾ, ഒരു കോപ ഡോ ബ്രസീൽ, 2011 കോപ ലിബർട്ടഡോറസ് എന്നിവ നേടാൻ ക്ലബ്ബിനെ സഹായിച്ചു, രണ്ടാമത്തേത് സാന്റോസിന്റെ ആദ്യത്തേതാണ് 1963. 2011 ലും 2012 ലും നെയ്മറിനെ രണ്ടുതവണ സൗത്ത് അമേരിക്കൻ ഫുട്ബോൾ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തു, താമസിയാതെ യൂറോപ്പിലേക്ക് താമസം മാറ്റി ബാഴ്സലോണയിൽ ചേർന്നു. ലയണൽ മെസ്സി, ലൂയിസ് സുവാരസ് എന്നിവരുമൊത്തുള്ള ബാഴ്സയുടെ ആക്രമണ മൂവരുടെയും ഭാഗമായി, ലാ ലിഗ, കോപ ഡെൽ റേ, യുവേഫ ചാമ്പ്യൻസ് ലീഗ് എന്നിവയുടെ കോണ്ടിനെന്റൽ ട്രെബിൾ നേടി, അദ്ദേഹത്തിന്റെ പ്രകടനത്തിന് 2015 ൽ ഫിഫ ബാലൺ ഡി ഓർക്കായി മൂന്നാം സ്ഥാനത്തെത്തി. തുടർന്ന് 2015–16 സീസണിൽ ആഭ്യന്തര ഇരട്ട നേട്ടം കൈവരിച്ചു. 2017 ൽ, 222 മില്യൺ ഡോളർ വിലമതിക്കുന്ന ഒരു നീക്കത്തിലൂടെ നെയ്മർ ബാഴ്സലോണയിൽ നിന്ന് പാരീസ് സെന്റ് ജെർമെയ്നിലേക്ക് മാറി, [എക്കാലത്തെയും വിലയേറിയ കളിക്കാരനായി. [കുറിപ്പ് 1] ഫ്രാൻസിൽ, അദ്ദേഹം രണ്ട് ലീഗ് കിരീടങ്ങൾ നേടി, ഒരു കൂപ്പെ ഡി ഫ്രാൻസ്, ഒരു കൂപ്പെ ഡി അരങ്ങേറ്റ സീസണിൽ ആഭ്യന്തര ട്രെബിളും ലിഗ് 1 പ്ലെയർ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ട ലാ ലിഗ്. [8] പിഎസ്ജിയുമായുള്ള നെയ്മറിന്റെ രണ്ടാം സീസൺ ഗുരുതരമായി പരിക്കേറ്റതും വിവാദങ്ങളാൽ അടയാളപ്പെട്ടതുമായിരുന്നു. [9] [10]

## പെലെ

എഡ്സൺ അരന്റസ് ഡോ നാസ്സിമെന്റോ (ബ്രസീലിയൻ പോർച്ചുഗീസ്); ജനനം: ഒക്ടോബർ 23, 1940), ബ്രസീലിയൻ റിട്ടയേർഡ് പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ് പെലെ ([പെല]). എക്കാലത്തെയും മികച്ച കളിക്കാരിൽ ഒരാളായി അദ്ദേഹം പരക്കെ കണക്കാക്കപ്പെടുന്നു. 1999 ൽ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫുട്ബോൾ ഹിസ്റ്ററി & സ്റ്റാറ്റിസ്റ്റിക്സ് (IFFHS) അദ്ദേഹത്തെ ലോക പ്ലെയർ ഓഫ് ദി സെഞ്ചുറി ആയി തിരഞ്ഞെടുത്തു, കൂടാതെ ഫിഫ പ്ലെയർ ഓഫ് ദി സെഞ്ചുറി അവാർഡ് നേടിയ രണ്ട് സംയുക്ത വിജയികളിൽ ഒരാളായിരുന്നു. അതേ വർഷം, അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി പെലെയെ സെഞ്ചുറിയിലെ അത്‌ലറ്റായി തിരഞ്ഞെടുത്തു. 694 ലീഗ് മത്സരങ്ങളിൽ നിന്ന് 650 ഗോളുകൾ നേടിയ ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വിജയകരമായ ആഭ്യന്തര ലീഗ് ഗോൾ സ്കോററാണ് പെലെ, 1363 കളികളിൽ നിന്ന് 1281 ഗോളുകൾ, ഇതിൽ അന of ദ്യോഗിക ചങ്ങാതിമാർ ഉൾപ്പെടുന്നു, ഇത് ഗിന്നസ് റെക്കോർഡാണ്. കളിച്ച ദിവസങ്ങളിൽ, ലോകത്തിലെ ഏറ്റവും മികച്ച പ്രതിഫലം വാങ്ങുന്ന കായികതാരമായിരുന്നു പെലെ.

## മെസ്സി

ഒരു അർജന്റീനിയൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ് ലയണൽ ആൻഡ്രൂസ് മെസ്സി കുക്കിറ്റിനി [കുറിപ്പ് 1] (സ്പാനിഷ് ഉച്ചാരണം: (ഈ ശബ്ദ ലിസ്റ്റിനെക്കുറിച്ച്); [എ] ജനിച്ചത് 24 ജൂൺ 1987). മിക്കപ്പോഴും ലോകത്തിലെ ഏറ്റവും മികച്ച കളിക്കാരനായി കണക്കാക്കപ്പെടുകയും എക്കാലത്തെയും മികച്ച കളിക്കാരിലൊരാളായി കണക്കാക്കപ്പെടുകയും ചെയ്യുന്ന മെസ്സി റെക്കോർഡ് ആറ് ബാലൺ ഡി ഓർ അവാർഡുകളും [കുറിപ്പ് 2] റെക്കോർഡ് ആറ് യൂറോപ്യൻ ഗോൾഡൻ ഷൂസും നേടിയിട്ടുണ്ട്. തന്റെ പ്രൊഫഷണൽ കരിയർ മുഴുവൻ ബാഴ്‌സലോണയിൽ ചെലവഴിച്ചു, അവിടെ ക്ലബ് റെക്കോർഡ് 34 ട്രോഫികൾ നേടിയിട്ടുണ്ട്, അതിൽ പത്ത് ലാ ലിഗാ കിരീടങ്ങൾ, നാല് യുവേഫ ചാമ്പ്യൻസ് ലീഗ് കിരീടങ്ങൾ, ആറ് കോപസ് ഡെൽ റേ എന്നിവ ഉൾപ്പെടുന്നു. സമൃദ്ധമായ ഗോൾ സ്കോററും ക്രിയേറ്റീവ് പ്ലേമേക്കറുമായ മെസി, ലാ ലിഗ (433), ലാ ലിഗ, യൂറോപ്യൻ ലീഗ് സീസൺ (50), ലാ ലിഗ (35), യുവേഫ ചാമ്പ്യൻസ് ലീഗ് (8) ), ലാ ലിഗ (174), കോപ അമേരിക്ക (13) എന്നിവയിലെ മിക്ക അസിസ്റ്റുകളും. ക്ലബ്ബിനും രാജ്യത്തിനുമായി 700 സീനിയർ കരിയർ ഗോളുകൾ നേടിയിട്ടുണ്ട്.

# റൊണാൽഡീഞോ

റൊണാൾഡോ ഡി അസീസ് മൊറീറ (ജനനം: മാർച്ച് 21, 1980), സാധാരണയായി റൊണാൾഡിനോ ഗ ú ചോ (ബ്രസീലിയൻ പോർച്ചുഗീസ്: അല്ലെങ്കിൽ ലളിതമായി റൊണാൾഡിനോ, [കുറിപ്പ് 1] ഒരു ബ്രസീലിയൻ മുൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനും ബാഴ്സലോണയുടെ അംബാസഡറുമാണ്. [4] യൂറോപ്യൻ ക്ലബ്ബുകളായ പാരീസ് സെന്റ് ജെർമെയ്ൻ, ബാഴ്സലോണ, എസി മിലാൻ എന്നിവിടങ്ങളിൽ ബ്രസീലിയൻ ദേശീയ ടീമിനായി കളിച്ച അദ്ദേഹം തന്റെ കരിയറിലെ സിംഹഭാഗവും കളിച്ചു. പലപ്പോഴും തന്റെ തലമുറയിലെ മികച്ച കളിക്കാരിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. എക്കാലത്തേയും മഹാനായ ഒരാളായി പലരും കരുതുന്നു, [കുറിപ്പ് 2] റൊണാൾഡിനോ രണ്ട് ഫിഫ വേൾഡ് പ്ലെയർ ഓഫ് ദ ഇയർ അവാർഡുകളും ഒരു ബാലൺ ഡി ഓർഡും നേടി. സാങ്കേതിക വൈദഗ്ധ്യത്തിനും സർഗ്ഗാത്മകതയ്ക്കും അദ്ദേഹം പ്രശസ്തനായിരുന്നു; അദ്ദേഹത്തിന്റെ ചാപല്യം, വേഗത എന്നിവ കാരണം. ഡ്രിബ്ലിംഗ് കഴിവ്, കൂടാതെ തന്ത്രങ്ങൾ, ഫിന്റുകൾ, ഓവർഹെഡ് കിക്കുകൾ, നോ-ലുക്ക് പാസുകൾ, ഫ്രീ കിക്കുകളിൽ നിന്നുള്ള കൃത്യത എന്നിവ.

## പ്രമുഖ ശാസ്ത്രജ്ഞർ

### തോമസ് ആൽവ എഡിസൺ

തോമസ് ആൽവ എഡിസൺ (ഫെബ്രുവരി 11, 1847 - ഒക്ടോബർ 18, 1931) ഒരു അമേരിക്കൻ കണ്ടുപിടുത്തക്കാരനും ബിസിനസുകാരനുമായിരുന്നു, അദ്ദേഹത്തെ അമേരിക്കയിലെ ഏറ്റവും വലിയ കണ്ടുപിടുത്തക്കാരനായി വിശേഷിപ്പിച്ചു. [1] [2] [3] ഇലക്ട്രിക് പവർ ജനറേഷൻ, മാസ് കമ്മ്യൂണിക്കേഷൻ, സൗണ്ട് റെക്കോർഡിംഗ്, മോഷൻ പിക്ചറുകൾ തുടങ്ങിയ മേഖലകളിൽ അദ്ദേഹം നിരവധി ഉപകരണങ്ങൾ വികസിപ്പിച്ചു. [4] ഫോണോഗ്രാഫ്, മോഷൻ പിക്ചർ ക്യാമറ, ദീർഘകാലം നിലനിൽക്കുന്ന പ്രായോഗിക ഇലക്ട്രിക് ലൈറ്റ് ബൾബ് എന്നിവ ഉൾപ്പെടുന്ന ഈ കണ്ടുപിടുത്തങ്ങൾ ആധുനിക വ്യാവസായിക ലോകത്ത് വ്യാപകമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. [5] സംഘടിത ശാസ്ത്രത്തിന്റെയും ടീം വർക്കിന്റെയും തത്ത്വങ്ങൾ കണ്ടുപിടിത്ത പ്രക്രിയയിൽ പ്രയോഗിച്ച ആദ്യത്തെ കണ്ടുപിടുത്തക്കാരിൽ ഒരാളായിരുന്നു അദ്ദേഹം, നിരവധി ഗവേഷകരുമായും ജീവനക്കാരുമായും പ്രവർത്തിച്ചു. അദ്ദേഹം ആദ്യത്തെ വ്യാവസായിക ഗവേഷണ ലബോറട്ടറി സ്ഥാപിച്ചു.

ഐസക് ന്യൂട്ടൻ

ഒരു ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞൻ, ഭൗതികശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, ദൈവശാസ്ത്രജ്ഞൻ, എഴുത്തുകാരൻ (സ്വന്തം നാളിൽ "പ്രകൃതിദത്ത തത്ത്വചിന്തകൻ" എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നു) സർ ഐസക് ന്യൂട്ടൺ പിആർഎസ് (25 ഡിസംബർ 1642 - 20 മാർച്ച് 1726/27 [a]) എക്കാലത്തെയും സ്വാധീനമുള്ള ശാസ്ത്രജ്ഞരുടെയും ശാസ്ത്ര വിപ്ലവത്തിലെ പ്രധാന വ്യക്തിയെന്ന നിലയിലും. 1687-ൽ ആദ്യമായി പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ

ഫിലോസഫി നാച്ചുറലിസ് പ്രിൻസിപിയ മാത്തമാറ്റിക്ക (മാത്തമാറ്റിക്കൽ പ്രിൻസിപ്പിൾസ് ഓഫ് നാച്ചുറൽ ഫിലോസഫി) ക്ലാസിക്കൽ മെക്കാനിക്സിന്റെ അടിത്തറയിട്ടു. ന്യൂട്ടൺ ഒപ്റ്റിക്സിനും പ്രധാന സംഭാവനകൾ നൽകി, കൂടാതെ അനന്തമായ കാൽക്കുലസ് വികസിപ്പിച്ചതിന് ഗോട്ട്ഫ്രഡ് വിൽഹെം ലീബ്നിസുമായി ക്രെഡിറ്റ് പങ്കിടുന്നു.

by: Arif Rasheed

# 7 Wonders of

- Great Wall of China.
- Christ the Redeemer in Rio de Janeiro
- Machu Picchu in Peru.
- Chichen Itza.
- Roman Colosseum.
- Taj Mahal in India.
- Petra in Jordan

collected by: Bigitha






FINGER PRINT



drawn by :Savio jose

# വൃന്ദാവനം

ഓർമകളിൽ നിന്നെ തിരയുകയാണ്;
അതിന്റെ ഒരു കോണിലിരുന്ന്
ഞാൻ നിന്നെ മറക്കാൻ ശ്രമിക്കുകയും
ഹൃദയവും മനസ്സും രണ്ടാണന്നോ ?

രാത്രികളിൽ,
നിലാവ് വിഴുങ്ങിതീർക്കുന്ന കാർമേഘങ്ങൾ
നനഞ്ഞ പ്രഭാതങ്ങൾ
വരണ്ട സായാഹ്നങ്ങൾ
ഇവ മാത്രമാണ്
ഇന്നെന്റെ ജീവൻ പകുത്തെടുക്കുന്നത്
എനിക്കും നിനക്കുമിടയിൽ
അന്തമായ അകലം
എങ്കിലും
നനുത്ത വിരലുകൾ കൊണ്ടു
നീയെന്റെയുള്ള് തൊട്ടുണർത്തുമ്പോൾ
നിന്റെ അദൃശ്യമായ സാമീപ്യം
ഞാൻ അറിഞ്ഞിരുന്നു



**Drawn By: Josna Mathew**





















എല്ലാ കൂട്ടുകാർക്കും നന്ദി....


HOLY FAMILY HIGH SCHOOL INCHIYANI
ESTD 1983-84

